**പതിമൂന്നാം കേരള നിയമസഭ**

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി IX

# (SUBJECT COMMITTEE IX)

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും

## (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2011 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2011)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2011 ഒക്ടോബർ 12-ാം തീയതി സമർപ്പിച്ചത്

(Presented on 12th October 2011)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2011

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2011

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി IX

# (SUBJECT COMMITTEE IX)

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും

## (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2011 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2011)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

831/2011.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 15 |

# സബ്ജക്റ്റ് കമ്മിറ്റി IX

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും
## (2011-13)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. കെ. സി. ജോസഫ്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

ഡോ. എം. കെ. മുനീർ
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി

<u>അംഗങ്ങൾ</u> :

ശ്രീ. കെ. അച്ചുതൻ
,, സി. മമ്മൂട്ടി
,, പി. റ്റി. എ. റഹീം
,, വി. ശിവൻകുട്ടി
,, പി. ശ്രീരാമകൃഷ്ണൻ
,, ഇ. കെ. വിജയൻ
,, കെ. വി. വിജയദാസ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. രാജൻ, സെക്രട്ടറി
ശ്രീ. വിൽസൻ വി. ജോൺ, ജോയിന്റ് സെക്രട്ടറി
ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

# അവതാരിക

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IX-ന്റെ 29-6-2010 മുതൽ 31-3-2011 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പന്ത്രണ്ടാം കേരള നിയമസഭയുടെ 2010 ജൂൺ 28-ാം തീയതിയിലെ 669-ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം പുനഃസംഘടിപ്പിക്കപ്പെട്ട 2010-2011 കാലയളവിലേയ്ക്കുള്ള തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച ഒൻപതാം സബ്ജക്റ്റ് കമ്മിറ്റിയിൽ ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. പാലോളി മുഹമ്മദ് കുട്ടി ചെയർമാനും ബഹു. വനവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. ബിനോയ് വിശ്വം എക്സ് ഒഫീഷ്യോ അംഗവും സർവ്വശ്രീ അബ്ദുറഹിമാൻ രണ്ടത്താണി, എ. കെ. ചന്ദ്രൻ, സി. എം. ദിനേശ് മണി, ഡൊമിനിക് പ്രസന്റേഷൻ, കെ. പി. മോഹനൻ, എം. കെ. പുരുഷോത്തമൻ, വി.ശിവൻകുട്ടി, വി. ജെ. തങ്കപ്പൻ, സി. എഫ്. തോമസ് എന്നിവർ സമിതി അംഗങ്ങളുമായിരുന്നു. പ്രസ്തുത സമിതി 29-6-2010 മുതൽ 31-3-2011 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി ഒരു പ്രാവശ്യം യോഗം ചേരുകയുണ്ടായി. 3-11-2010-ൽ ചേർന്ന യോഗത്തിൽ സമിതിയുടെ അംഗീകാരത്തിനായി ലഭ്യമായ കരടുചട്ടങ്ങൾ, സാധൂകരണത്തിനായി ലഭ്യമായ എസ്. ആർ. ഒ. കൾ, വിവിധ ധനാഭ്യർത്ഥനകളുടെ റിപ്പോർട്ടുകളിലുള്ള ശുപാർശകളിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് എന്നിവ സമിതി പരിഗണിച്ചു (അനുബന്ധം I) പ്രസ്തുത യോഗത്തിൽ അംഗങ്ങളുടെ ഹാജർനില 45% ആയിരുന്നു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ഒന്നാം ഭാഗത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളുടേയും രണ്ടാം ഭാഗത്തിൽ സമിതി അംഗീകരിച്ച കരട് ചട്ടങ്ങളുടേയും സാധൂകരിച്ച എസ്.ആർ.ഒ. കളുടേയും വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ 2011 ജൂൺ 28-ാം തീയതിയിലെ 15-ാം നമ്പർ ബുള്ളറ്റിൻ പ്രകാരം രൂപീകരിക്കപ്പെട്ട തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച് ഒൻപതാം സബ്ജക്റ്റ് കമ്മിറ്റിയുടെ 2011 ആഗസ്റ്റ് മാസം 19-ാം തീയതിയിൽ ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2011 ഒക്ടോബർ 12

കെ. സി. ജോസഫ്,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി IX*

## റിപ്പോർട്ട്

### ഭാഗം 1

2004–05 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ താഴെപ്പറയുന്ന ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടി സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

### ശുപാർശ നമ്പർ 2

അറവുശാലകളും വിൽപ്പനശാലകളും വളരെയധികം പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നവയാണെന്നും ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക കൊണ്ട് ഈ പദ്ധതി പൂർണ്ണമായി നടപ്പിലാക്കാൻ സാധിക്കുകയില്ലെന്നും യോഗത്തിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി. നഗരസഭാതിർത്തിയിലുള്ള കശാപ്പുശാലകൾ അനാരോഗ്യകരമായ ചുറ്റുപാടുകളിൽ മാംസം വിൽപ്പന നടത്തുന്നതും പൊതുജനങ്ങൾക്ക് അരോചകവും അലോസരവും ഉണ്ടാക്കുന്ന തരത്തിലുള്ള മാംസഖണ്ഡങ്ങളുടെ പ്രദർശനവും കർശനമായി നിരോധിക്കണമെന്ന ബഹു. ഹൈക്കോടതിയുടെ ഉത്തരവ് കൂടി കണക്കിലെടുത്ത് പ്രസ്തുത പദ്ധതിക്ക് കൂടുതൽ ധനസഹായം ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

അറവുശാലാ നവീകരണത്തിനായി 2005-06, 2006-07 വർഷങ്ങളിൽ യഥാക്രമം 111 ലക്ഷം രൂപയും 204 ലക്ഷം രൂപയും വർദ്ധിപ്പിച്ച് വകയിരുത്തിയിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള അറവുശാല നവീകരിക്കുന്നതിനും ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി കൈക്കൊള്ളുവാൻ 17-9-2009-ലെ 1173/ഡിബി2/09/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

2005–06 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ താഴെപ്പറയുന്ന ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടി സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

### ശുപാർശ നമ്പർ 4

2216-01-106-98—സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് (17) ചെറുകിട മരാമത്തുകൾ

സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകളുടെ ചെറുകിട മരാമത്തുകൾക്കായിട്ടാണ് ഈ ശീർഷകത്തിൽ തുക വകകൊള്ളിക്കുന്നത്. ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 75 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ക്വാർട്ടേഴ്സുകളുടെ ചെറുകിട മരാമത്തു പണികൾക്കും കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനു വേണ്ടിയും 50 ലക്ഷം രൂപ കൂടി ഉചിതമായ മാർഗ്ഗത്തിലൂടെ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2005-06-ൽ കരാറുകാരുടെ ബില്ലുകൾ തീയതി വച്ചുള്ള മുൻഗണനാ ക്രമത്തിലാണ് നൽകപ്പെട്ടത്. സമിതി ശുപാർശ ചെയ്ത തുക ഫണ്ടിന്റെ അപര്യാപ്തതമൂലം അനുവദിക്കാൻ കഴിഞ്ഞില്ല.

ശുപാർശ നമ്പർ 17

4216-01-106-98 (02)—ഗവൺമെന്റ് ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ് (16) വൻകിട മരാമത്ത് പണികൾ (പ്ലാൻ)

സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് 2005-06-ലെ ബഡ്ജറ്റിൽ 80 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ അധികമായി ധനപുനർവിനിയോഗത്തിലൂടെ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2/06-ലെ ഉപധനാഭ്യർത്ഥന വഴി 187.48 ലക്ഷം രൂപയും ധനപുനർവിനിയോഗം വഴി 94.70 ലക്ഷം രൂപയും ഈ ശീർഷകത്തിൽ അനുവദിച്ചിരുന്നു.

ശുപാർശ നമ്പർ 18

4216-01-106-98 (03)—ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർക്കുള്ള ഹോസ്റ്റൽ (16) വൻകിട മരാമത്തുകൾ (പ്ലാൻ)

ഈ ശീർഷകത്തിൽ 50 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഏറ്റെടുത്ത ജോലികൾ പൂർത്തിയാക്കുന്നതിനും കുടിശ്ശിക ബിൽ ക്ലിയർ ചെയ്യുന്നതിനും പുതിയ ജോലികൾ ഏറ്റെടുക്കുന്നതിനുമായി ഉപധനാഭ്യർത്ഥനയിലൂടെയോ ധനപുനർവിനിയോഗത്തിലൂടെയോ 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഹൈക്കോടതി ഉത്തരവ് പ്രകാരം തീയതി വച്ചുള്ള മുൻഗണനാക്രമത്തിലാണ് കരാറുകാരുടെ ബില്ലുകൾ ലെറ്റർ ഓഫ് ക്രെഡിറ്റ് മുഖേന ക്ലിയർ ചെയ്യപ്പെട്ടത്. അതിനാൽ ഈ ശീർഷകത്തിൽ അധിക തുക വേണ്ടി വന്നില്ല.

2006-07 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ താഴെപ്പറയുന്ന ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടി സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ശുപാർശ നമ്പർ 13

1972-ൽ നടപ്പിലാക്കിയ ലക്ഷം വീട് കോളനികളിലെ കാലപ്പഴക്കമുള്ളതും വാസയോഗ്യമല്ലാത്തതുമായ ഇരട്ട വീടുകൾ പൊളിച്ച് ഒറ്റ വീടുകളാക്കി നിർമ്മിച്ചു കൊടുക്കുന്നതിനും വാസയോഗ്യമല്ലാത്ത ഒറ്റ വീടുകൾ പുനർ നിർമ്മിക്കുന്നതിനും ഉദ്ദേശിക്കുന്നതാണ് ഈ പദ്ധതി. 16309 ഇരട്ട വീടുകൾ 32618 ഒറ്റ വീടുകൾ

ആക്കുന്നതിനും 57590 ഒറ്റ വീടുകൾ പുനർ നിർമ്മിക്കുന്നതിനും അങ്ങനെ ആകെ 90208 വീടുകൾക്ക് വീടൊന്നിന് 40,000 രൂപ നിരക്കിൽ 361 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതി പഞ്ചായത്ത്/സന്നദ്ധ സംഘടനകളുടെ വിഹിതത്തോടുകൂടി നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതു പ്രകാരം 50% സർക്കാർ വിഹിതവും (അതായത് 180.50 കോടി രൂപ) ബാക്കി 50% പഞ്ചായത്തിന്റെ വിഹിതമായോ അല്ലെങ്കിൽ സന്നദ്ധ സംഘടനകളുടെ വിഹിതമായോ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

2006-2007 ലെ പുതുക്കിയ ബഡ്ജറ്റ് പ്രൊപ്പോസലിൽ 5000 വീടുകളുടെ നവീകരണത്തിനായി 10 കോടി രൂപ ഉൾക്കൊള്ളിക്കേണ്ടതാണ്. ആയതിനാൽ, ലക്ഷം വീട് പദ്ധതിയിലെ വീടുകളുടെ നവീകരണത്തിനുവേണ്ടി 2006-07 ബഡ്ജറ്റിൽ ബാക്കി തുകയായ 7.82 കോടി രൂപ വക കൊള്ളിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ജി.ഒ.(എംഎസ്.) നമ്പർ 57/2004/ഭവനം തീയതി 26-11-2004 പ്രകാരം ലക്ഷം വീടു കോളനികളുടെ നവീകരണത്തിനായി ഒരു പദ്ധതിക്ക് 2004-05 സാമ്പത്തിക വർഷത്തിൽ സർക്കാർ സഹായം 5 കോടി രൂപയിൽ കവിയരുതെന്ന വ്യവസ്ഥയിൽ അനുമതി നല്കിയിരുന്നു. തുടർന്ന് 6-5-2006-ലെ G.O. (Rt.) No.3506/2006/Fin. പ്രകാരം 2.12 കോടി രൂപയും 1-2-2007 ലെ G.O.(MS) No 6/2007/Hsg. പ്രകാരം 0.76 കോടി രൂപയും 24-3-2007 ലെ G.O.(MS) No. 11/2007/Hsg. പ്രകാരം 2.12 കോടി രൂപയും ഉൾപ്പെടെ ആകെ 5 കോടി രൂപ സർക്കാർ അനുവദിച്ചു. പ്രസ്തുത പദ്ധതിയ്ക്കായി 2006-07-ലേക്ക് 10 കോടി രൂപ സർക്കാരിനോട് ഭവന നിർമ്മാണ ബോർഡ് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ ബഡ്ജറ്റിൽ തുകയൊന്നും വകകൊള്ളിക്കുകയുണ്ടായില്ല. മേൽ ഉത്തരവുകൾ പ്രകാരം 2006-07 കാലഘട്ടത്തിൽ അനുവദിച്ച 5 കോടി രൂപയിൽ 2006-07 സാമ്പത്തിക വർഷം (31-3-2007 വരെ) 17,40,000 രൂപ ചെലവഴിക്കുകയുണ്ടായി. 5 കോടി രൂപയുടെ സാമ്പത്തിക വർഷം തിരിച്ചുള്ള ചെലവ് ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | പൂർത്തീകരിച്ച വീടുകൾ | ചെലവായ തുക(രൂപ) |
|---|---|---|
| 2004-05 | 20 | 4,00,000 |
| 2005-06 | 885 | 1,74,40,900 |
| 2006-07 | 87 | 17,40,000 |
| 2007-08 | 634 | 1,26,80,000 |
| 2008-09 | 510 | 1,02,00,000 |
| 2009-10(31-1-2010 വരെ) | 79 | 15,80,000 |
| ആകെ | 2215 | 4,40,40,900 |

27-3-2008-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 3/2008/ഭവനം പ്രകാരം ലക്ഷം വീടുകളുടെ പുനർ നിർമ്മാണത്തിനായി വർദ്ധിച്ച സബ്സിഡി നിരക്കോടുകൂടി എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകുകയും ബഡ്ജറ്റിൽ തുക വകകൊള്ളിക്കുകും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ മുൻ ലക്ഷം വീടു പുനരുദ്ധാരണ പദ്ധതി ഇപ്പോൾ തുടരുന്നില്ല. എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതിയാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്.

<u>ശുപാർശ നമ്പർ 22</u>

റോഡ് ഇതര ആസ്തികളുടെ മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ 2006-07 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാകയാൽ 300,00,00,000 രൂപയെങ്കിലും ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കണമെന്നും ചെലവഴിക്കുന്ന തുക റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് തന്നെ വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയിട്ടുള്ള ആസ്തികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ തുക വകയിരുത്തുന്നത്. ഇപ്രകാരം വകയിരുത്തുന്ന റോഡിതര മെയിന്റനൻസ് ഗ്രാന്റ് തനത് ആസ്തികളുടെ സംരക്ഷണത്തിന് വിനിയോഗിക്കാൻ പാടില്ല. 2009-10 വർഷത്തിൽ റോഡിതര മെയിന്റനൻസ് ഗ്രാന്റിനത്തിൽ വകയിരുത്തിയ മൊത്തം തുക 465,84,90,000 രൂപയാണ്. എന്നാൽ കിഴിക്കേണ്ടതായ ചെലവഴിക്കാത്ത തുക കുറവ് ചെയ്ത ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായ തനി തുക 428,04,40,000 രൂപയാണ്. 2007-08 വർഷത്തിൽ അനുവദിച്ച റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിശ്ചയിച്ച നിശ്ചിത ശതമാനം ചെലവ് കൈവരിക്കാത്തതിനാലാണ് 2009-10 വർഷത്തിൽ 37,80,50,000 രൂപ കുറവ് ചെയ്തിരിക്കുന്നത്. മാത്രമല്ല വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തിയശേഷം ബാക്കി വരുന്ന തുക വകമാറ്റി ചെലവഴിക്കുന്നതിന് ഒട്ടു മിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അനുമതി തേടുന്നുണ്ട്. ആയതിനാൽ ധനകാര്യ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ അനുവദിച്ചു വരുന്ന റോഡിതര മെയിന്റനൻസ് ഗ്രാന്റ് കൈമാറിക്കിട്ടിയ ആസ്തികളുടെ പരിപാലനത്തിന് പര്യാപ്തമാണ്.

മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 9-12-2004-ലെ (എംഎസ്.)330/04/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 30.01.2008-ലെ 75326/എഫ്.എം.1/07/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം റോഡിതര മെയിന്റനൻസ് ഗ്രാന്റ് തനത് ആസ്തികളുടെ സംരക്ഷണത്തിന് വിനിയോഗിക്കാൻ പാടില്ലെന്ന് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. തുടർന്ന് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് കാലോചിതമായ വിശദീകരണങ്ങളും നൽകിയിട്ടുണ്ട്.

<u>2007-08 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ താഴെപ്പറയുന്ന ശുപാർശകളിൻമേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടി സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.</u>

ശുപാർശ നമ്പർ 2

നഗരാസൂത്രണ ഓഫീസുകളിൽ നഗരങ്ങളുടെ ഭൂമിശാസ്ത്ര വിവരങ്ങൾ ഉപഗ്രഹങ്ങളുടെ സഹായത്തോടെ ശേഖരിച്ച് ഡിജിറ്റൈസ് ചെയ്യാനുള്ള ഈ പ്രോജക്ട് സമയബന്ധിതമായി പൂർത്തീകരിക്കേണ്ടത് നഗരവികസന പരിപാടികളുടെ സുഗമമായ നടത്തിപ്പിന് അത്യന്താപേക്ഷിതമാണ്. ഇതിലേക്കായി ഈ വർഷത്തെ ബജറ്റ് വിഹിതം തികച്ചും അപര്യാപ്തമാണ്. ആയതിനാൽ, 3,50,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എല്ലാ നഗരങ്ങളുടെയും സ്ഥല സംബന്ധമായ വിവരങ്ങൾ ശേഖരിച്ചും ഉപഗ്രഹങ്ങളുടെ സഹായത്തോടെ ചിത്രങ്ങളും ഭൂപടവും തയ്യാറാക്കിയും നഗരാസൂത്രണ ഓഫീസുകളിൽ ഭൂമിശാസ്ത്ര വിവര സംവിധാനം സജ്ജമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയുടെ ഭാഗമായി വകുപ്പിന്റെ ഹെഡ് ഓഫീസിൽ ജി.ഐ.എസ്. സ്ഥാപിച്ചു. കൊല്ലം ജില്ലയിലെ പ്രാദേശിക വികസന പദ്ധതികളും സമഗ്ര ജില്ലാ വികസന പദ്ധതിയും തയ്യാറാക്കുന്നതിനുള്ള പൈലറ്റ് പ്രോജക്ട് ഭൂമിശാസ്ത്ര വിവരസംവിധാനത്തിലൂടെ കാര്യക്ഷമമായി വേഗത്തിൽ ചെയ്യുന്നതിനു സാധിച്ചു. എല്ലാ നഗരാസൂത്രണ പദ്ധതികളും ജി.ഐ.എസ്. ഫോർമാറ്റുകളിൽ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. കൂടാതെ ജി.ഐ.എസ്. സജ്ജീകരണങ്ങളുടെ വാർഷിക സംരക്ഷണ കോൺട്രാക്ടിനായും സോഫ്റ്റ്‌വെയർ അപ്ഡേഷനായും വിഹിതം ഉപയോഗിച്ചു. 2007-08-ൽ 10 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്നത്. ഈ തുക മേൽപ്പറഞ്ഞവയുടെ തുടർ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നു. എന്നാൽ ത്വരിതഗതിയിൽ സംസ്ഥാനത്തെ ആവാസ കേന്ദ്രങ്ങളുടെ ഭൂമിശാസ്ത്ര വിവര സംവിധാനം റിമോട്ട് സെൻസിംഗ് സാങ്കേതങ്ങളുടെ ഉപയോഗത്തിലൂടെ രൂപീകരിക്കേണ്ടതാണ് എന്ന് കമ്മിറ്റി നിരീക്ഷിക്കുന്നു. ആയതിന് ഈ തുക അപര്യാപ്തമെന്നു കാണുന്നു.

ഇക്കാര്യത്തിൽ 2008-09-ൽ 15 ലക്ഷം രൂപയും, 2009-10-ൽ 15 ലക്ഷം രൂപയും 2010-11-ലേക്ക് 10 ലക്ഷം രൂപയും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശുപാർശ നമ്പർ 3

നഗരങ്ങളും ഗ്രാമങ്ങളുമായി വേർതിരിവില്ലാത്ത കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ സംസ്ഥാനത്തിന് അനുയോജ്യമായ ആസൂത്രണ രീതികളും ആസൂത്രണ മാനദണ്ഡങ്ങളും രൂപീകരിക്കാൻ സഹായകരമായ ഈ ഗവേഷണ പദ്ധതിക്കുള്ള വിഹിതം 30,00,000 രൂപയായി വർദ്ധിപ്പിച്ചു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നഗര ഗ്രാമാസൂത്രണ വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഗവേഷണ വികസന യൂണിറ്റ് ശക്തിപ്പെടുത്തുകയാണ് ഉദ്ദേശ്യം.

യൂണിറ്റ് താഴെ പറയുന്ന പരിപാടികൾ ഏറ്റെടുക്കുന്നു:

(1) വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പുറമേ മറ്റു വിദഗ്ദ്ധരെക്കൂടി ഉൾപ്പെടുത്തി പ്രോജക്ടുകൾ നടപ്പിലാക്കുക.

(2) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടി നഗരാസൂത്രണ പരിപാടികൾ നടപ്പിലാക്കുക.

(3) നഗരമേഖല ആസൂത്രണവും വികസനവും സംബന്ധിച്ച പ്രോജക്ടുകളുടെയും പദ്ധതികളുടെയും വിലയിരുത്തൽ നടത്തുക.

(4) സംസ്ഥാനത്ത് നിലവിലുള്ള വികസന നിയമ നിയന്ത്രണങ്ങൾ വിലയിരുത്തുകയും, ഈ മേഖലയിൽ പുതിയതായി ഉരുത്തിരിയുന്ന പ്രവണതകളെ കുറിച്ച് അപഗ്രഥനം നടത്തുകയും ചെയ്യുക.

(5) അടിസ്ഥാന സൗകര്യ വികസനത്തിന് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള കൊച്ചി പട്ടണത്തിന്റെ സമഗ്ര വികസനത്തിനായുള്ള ആസൂത്രണം.

നഗരങ്ങളും ഗ്രാമങ്ങളും തമ്മിൽ വേർപിരിച്ച് കാണാനാവാത്ത വിധം പ്രത്യേകതയാർന്ന വികസന രീതിയാണ് സംസ്ഥാനത്തുള്ളത് എന്നതിനാൽ ഗവേഷണ വികസന പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തിന് അനുയോജ്യമായ ആസൂത്രണ രീതികളും, ആസൂത്രണ മാനദണ്ഡങ്ങളും രൂപീകരിക്കേണ്ടതുള്ളതിനാൽ ഈ ഇനത്തിൽ അധിക തുക വകയിരുത്തേണ്ടതാണ്.

ഇതിനായി 2008-09-ൽ 15 ലക്ഷം രൂപയും 2009-10-ൽ 10 ലക്ഷം രൂപയും 2010-11-ൽ 10 ലക്ഷം രൂപയും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശുപാർശ നമ്പർ 4

എല്ലാ നഗരങ്ങളും ഒരേ രീതിയിൽ വികസിപ്പിക്കുക എന്ന ഇതുവരെ അനുവർത്തിച്ചിരുന്ന വികസന നയം ഓരോ നഗരത്തിന്റെയും പ്രത്യേകതകളും പ്രാധാന്യവും കണക്കിലെടുത്ത് ഓരോ നഗരത്തിനും പ്രത്യേകമായ വികസന പദ്ധതികൾ തയ്യാറാക്കുക എന്ന കാഴ്ചപ്പാടിലേക്ക് മാറിയിരിക്കുന്ന സാഹചര്യത്തിൽ ഇതിലേക്കായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ വികസന പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ വിഹിതം 30,00,000 രൂപയായി വർദ്ധിപ്പിച്ചു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എല്ലാ നഗരങ്ങളും ഒരേ രീതിയിൽ വികസിപ്പിക്കുക എന്നതായിരുന്നു ഇതുവരെ അനുവർത്തിച്ചുവന്ന നയം. എന്നാൽ ഓരോ നഗരത്തിന്റെയും പ്രത്യേക പ്രാധാന്യം വികസനത്തിനുള്ള സാധ്യതകൾ, തീർത്ഥാടന കേന്ദ്രങ്ങൾ, പ്രകൃതി ഭംഗിയുള്ള മലപ്രദേശങ്ങൾ, ചരിത്ര പ്രാധാന്യമുള്ള പട്ടണങ്ങൾ-കണക്കിലെടുത്ത് അവയ്ക്ക് പ്രത്യേകമായ വികസന പദ്ധതികൾ തയ്യാറാക്കി നഗരസഭകൾ മുഖേന സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാനാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. 2006-07 സാമ്പത്തിക വർഷം ഈ സ്കീമിൽ അനുവദിച്ചിരുന്ന 6 ലക്ഷം രൂപ അംഗീകൃത

നഗരാസൂത്രണ പദ്ധതികൾക്ക് സമയബന്ധിതമായി കാലാനുസൃതമായ വ്യതിയാനം വരുത്തുന്നതിനുള്ള രണ്ടാം പ്രോഗ്രാമിനായി (ഭൂവിനിയോഗമാപ്പുകൾ, നിലവിലുള്ള ഭൂവിനിയോഗത്തിന്റെയും, വികസന പ്രവണതയുടെയും അടിസ്ഥാനത്തിൽ പരിഷ്ക്കരിക്കുന്ന പ്രോഗ്രാം) വിനിയോഗിച്ചു. പദ്ധതിവിഹിതം ഉപയോഗിച്ചു അംഗീകൃത വിശദ നഗരാസൂത്രണ പദ്ധതികളുടെ നിലവിലുള്ള ഭൂവിനിയോഗമാപ്പുകൾ തയ്യാറാക്കി, സ്കീമുകൾ പരിഷ്ക്കരിക്കുന്ന പ്രവൃത്തി നടന്നുവരുന്നു. 11-ാം പദ്ധതി കാലത്ത് സംസ്ഥാനത്തെ ഹൈലാന്റ് പ്രദേശങ്ങൾക്ക് പ്രത്യേകമായുള്ള ആസൂത്രണ ഘടകങ്ങൾ സംബന്ധിച്ച വിഷയങ്ങൾ പഠന വിധേയമാക്കാൻ ഉദ്ദേശിക്കുന്നു. പൊൻമുടി, തേക്കടി, മൂന്നാർ തുടങ്ങിയ പ്രദേശങ്ങൾക്ക് വികസന പദ്ധതികൾ രൂപീകരിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. നഗരാസൂത്രണ പദ്ധതികളുടെ രൂപീകരണം, പരിഷ്കാരം തുടങ്ങിയ പ്രവൃത്തികൾ സമയബന്ധിതമായി തീർക്കേണ്ടതുള്ളതിനാൽ ഈ ഇനത്തിലും അധിക തുക വകയിരുത്തേണ്ടതാണ്.

ഇതിനായി 2008-09-ൽ 10 ലക്ഷം രൂപയും, 2009-10-ൽ 20 ലക്ഷം രൂപയും 2010-11-ലേക്ക് 25 ലക്ഷം രൂപയും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശുപാർശ നമ്പർ 5

സംസ്ഥാനത്തൊട്ടാകെ സമഗ്ര ആസൂത്രിത വികസനം ഉറപ്പാക്കുന്നതിലേക്കായി ജനപങ്കാളിത്തത്തോടെ ദീർഘവീക്ഷണത്തോടെയുള്ള വികസന രൂപരേഖകൾ തയ്യാറാക്കാനുള്ള ഈ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിലേക്കായി ബഡ്ജറ്റ് വിഹിതം 60,00,000 രൂപയായി വർദ്ധിപ്പിച്ച് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 175-ഉം മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 51 (3) പ്രകാരവും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഒരു ദീർഘകാല പരിപ്രേഷ്യത്തിന്റെ അടിസ്ഥാനത്തിൽ വികസന രൂപരേഖകൾ തയ്യാറാക്കേണ്ടതാണെന്ന് അനുശാസിക്കുന്നു. ഇപ്പോൾ കൊല്ലം ജില്ലയ്ക്ക് വേണ്ടി സംയോജിത വികസന രൂപരേഖയും ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രാദേശിക വികസന രൂപരേഖകളും തയ്യാറാക്കുന്ന പദ്ധതി പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കി വരുന്നു. പ്രാദേശിക വികസന രൂപരേഖയും സംയോജിത ജില്ലാ വികസന രൂപരേഖയും തയ്യാറാക്കുന്നതിനുവേണ്ടി രൂപീകരിക്കപ്പെട്ടിട്ടുള്ള സംസ്ഥാനതല വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശാനുസരണം കൊല്ലം ജില്ലയുടെ അനുഭവജ്ഞാനം മറ്റ് ജില്ലകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. സംസ്ഥാന വികസന പരിപ്രേക്ഷ്യം ഉൾപ്പെടെ പ്രസ്തുത പദ്ധതികൾ 11-ാം പദ്ധതി കാലയളവിൽ പൂർത്തീകരിക്കുന്നതിന് ഈ പരിപാടി ലക്ഷ്യമിടുന്നു. സംസ്ഥാന ഗവൺമെന്റും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളും സംയോജിതമായി പ്രോജക്ടിനാവശ്യമായ ധനസഹായം ലഭ്യമാക്കുന്നതാണ്. പ്രസ്തുത പരിപാടിയുടെ സംസ്ഥാന വിഹിതമായി 2006-07-ൽ വകയിരുത്തിയ തുക ആദ്യഘട്ടത്തിൽ പദ്ധതി വ്യാപിപ്പിക്കുന്നതിനായി തെരഞ്ഞെടുത്ത ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ ജില്ലകളിലെ പ്രാരംഭ പ്രവർത്തനങ്ങൾക്കായും കൊല്ലം ജില്ലയിൽ പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുന്നതിലേക്കായും

അനുവദിക്കുകയുണ്ടായി. 2006-07-ലെ പദ്ധതി വിഹിതം മേൽപ്പറഞ്ഞ ജില്ലകളിലെ തുടർപ്രവർത്തനങ്ങൾക്കും പുതിയതായി ചില ജില്ലകളിൽ കൂടി പദ്ധതി വ്യാപിപ്പിക്കുന്നതിലേക്കുമായി വിനിയോഗിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഓരോ ജില്ലയ്ക്കും ആവശ്യമായ ബാക്കി തുക അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. കഡസ്ട്രൽ ഭൂപടം തയ്യാറാക്കൽ, ഡിജിറ്റൈസേഷൻ, ആർക് ജി.ഐ.എസ്.ൽ ഉദ്യോഗസ്ഥർക്ക് പരിശീലനം, സോഫ്റ്റ്വെയർ വാങ്ങുക എന്നിവയ്ക്കും പ്രോജക്ട് സെല്ലിന്റെ പ്രവർത്തനങ്ങൾക്കും പ്രാദേശിക നെറ്റ്വർക്ക് പ്ലോട്ടറുകൾ, പ്രിന്ററുകൾ, കാട്രിഡ്ജ് സ്കാനറുകൾ എന്നീ പഞ്ചാത്തല സൗകര്യങ്ങൾക്കുമായി 2007-08 വർഷത്തെ പദ്ധതി വിഹിതമായ 30 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു. കൂടാതെ പദ്ധതി സംബന്ധമായ വിവിധ ചെലവുകൾ-സംസ്ഥാനതലത്തിലും, ജില്ലാതലത്തിലുമുള്ള പ്രോജക്ട് സെല്ലിന്റെ പ്രവർത്തനച്ചെലവ് അടിസ്ഥാന സൗകര്യങ്ങൾ എന്നിങ്ങനെ ഈ വിഹിതത്തിൽ നിന്നും ഉദ്ദേശിച്ചിരിക്കുന്നതിനാൽ ഈ വിഹിതം വർദ്ധിപ്പിക്കേണ്ടതുണ്ട്.

ഇതിനായി 2008-09-ൽ 30 ലക്ഷം രൂപയും 2009-10-ൽ 30 ലക്ഷം രൂപയും 2010-11-ൽ 30 ലക്ഷം രൂപയും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### ശുപാർശ നമ്പർ 6

80 ശതമാനം കേന്ദ്ര സഹായം ലഭിക്കുന്ന ഈ ബൃഹത്തായ പദ്ധതിക്ക് കേന്ദ്ര വിഹിതമായി ഇക്കൊല്ലം 80 കോടി രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി കാര്യക്ഷമമായും സമയബന്ധിതമായും പൂർത്തീകരിക്കുന്നതിനാവശ്യമായ ഒരു ഹൈ ലെവൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

20-11-2006-ലെ 2991/06/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മെമ്പർ സെക്രട്ടറിയുമായും ഇതിലെ പദ്ധതികൾ മോണിട്ടർ ചെയ്യുന്നതിനായി ഒരു സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറും ഇതിലെ ഒരു മെമ്പർ ആയി പിന്നീട് ചേർന്നിട്ടുണ്ട്.

### ശുപാർശ നമ്പർ 19

23-7-2005-ലെ ജി.ഒ. (ആർടി.) 215/2005/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം പുതിയതായി രൂപവൽക്കരിക്കപ്പെട്ട കൊല്ലം ജില്ലയിലെ ചിറക്കര, കുമ്മിൾ, കോട്ടയം ജില്ലയിലെ കോരുത്തോട്, ഇടുക്കി ജില്ലയിലെ ദേവികുളം, പാലക്കാട് ജില്ലയിലെ തെങ്കര, മലപ്പുറം ജില്ലയിലെ മുതുവല്ലൂർ, കാലടി, കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ചിറക്കര, തെങ്കര എന്നീ ഗ്രാമപഞ്ചായത്തുകൾ ഒഴികെയുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കാൻ ഭൂമി വാങ്ങുന്നതിനും പുതിയ ഈ എട്ട് ഗ്രാമ പഞ്ചായത്തുകൾക്കും നിലവിലുണ്ടായിരുന്ന മലപ്പുറം ജില്ലയിലെ ഇടക്കര ഗ്രാമപഞ്ചായത്തിനും സ്വന്തമായി കെട്ടിടം ഇല്ലാത്ത ഗ്രാമ പഞ്ചായത്തുകൾക്കും ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിക്കേണ്ടതാണെന്ന ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു.

ഒറ്റ പ്രാവശ്യത്തേക്കുള്ള ധനസഹായം എന്നനിലയിൽ ഇതിലേക്കാവശ്യമായ തുക 2515-00-197-39-198 ഗ്രാമപഞ്ചായത്തുകൾക്കുള്ള ധനസഹായം എന്ന കണക്കിനത്തിൽ യുക്തമായ മാർഗ്ഗത്തിൽ അനുവദിച്ചു നൽകേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

23-7-2005-ലെ ജി.ഒ. (ആർറ്റി.) 215/05/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം രൂപവൽക്കരിക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ ചിറക്കര, തെങ്കര എന്നീ ഗ്രാമ പഞ്ചായത്തുകൾ ഒഴികെയുള്ളവയ്ക്ക് ഭൂമി വാങ്ങുവാനും കെട്ടിടം വെയ്ക്കുവാനും സർക്കാർ പ്രത്യേക ധനസഹായം നൽകിയിട്ടുള്ളതും ടി ഗ്രാമ പഞ്ചായത്തുകൾ കെട്ടിടം നിർമ്മിച്ചു കൊണ്ടിരിക്കുകയാണെന്നും ഉള്ള വിവരം സമർപ്പിക്കുന്നു.

ശുപാർശ നമ്പർ 20

ഏകദേശം 8000 കി.മീ. റോഡ് പരിപാലനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ നിന്നും മാറ്റി പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റിനെ ഏൽപ്പിക്കുകയുണ്ടായി. മറ്റു ജില്ലാ റോഡുകൾ എന്ന ശ്രേണിയിൽപ്പെടുത്തിയ ഈ റോഡുകൾക്ക് ഫണ്ടില്ലെന്ന കാരണത്താൽ വേണ്ടത്ര പരിഗണന പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിക്കുന്നില്ല. തൽഫലമായി ഇവ പൂർവ്വസ്ഥിതിയേക്കാൾ മോശപ്പെട്ട നിലയിലാണ് ഇന്ന്, പി.ഡബ്ല്യു.ഡി.യുടെ ഈ റോഡുകൾ പരിപാലിക്കുന്നതിന് ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സാധിക്കുന്നില്ല. ഈ ദുഃസ്ഥിതി ഒഴിവാക്കാനായി പ്രസ്തുത റോഡുകൾ തിരികെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലാക്കണമെന്നും ഇവയുടെ പരിപാലനത്തിനായി അധിക ധനസഹായം ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാരിന്റെ 14-8-2009-ലെ 52/2009/പൊ.മ.വ. നമ്പർ ഉത്തരവ് പ്രകാരം പൊതു പ്രാധാന്യമുള്ള 7385 കി.മീറ്റർ റോഡ് പൊതുമരാമത്ത് വകുപ്പിൽ നിലനിർത്തിയിട്ടുണ്ട്.

ശുപാർശ നമ്പർ 21

പഞ്ചായത്തുകൾക്ക് ഈ വർഷത്തെ ബഡ്ജറ്റിൽ റോഡ് വിഭാഗത്തിലും റോഡിതര വിഭാഗത്തിലും അനുവദിക്കപ്പെട്ട മെയിന്റനൻസ് ഗ്രാന്റ് (നോൺ പ്ലാൻ വിഹിതം) അപര്യാപ്തമായതിനാൽ ഗ്രാന്റ് 10% വർദ്ധിപ്പിച്ച് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകൾക്ക് 2007-08 വർഷം മെയിന്റനൻസ് ഗ്രാന്റ് (റോഡ്) വിഭാഗത്തിൽ 1105037000 രൂപയും നോൺ റോഡ് വിഭാഗത്തിൽ 130,53,88,000 രൂപയും അനുവദിച്ചിട്ടുണ്ട്. എല്ലാ വർഷവും സർക്കാർ 10% വർദ്ധനവ് മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ നൽകുന്നുണ്ട് എന്ന വിവരം സമർപ്പിക്കുന്നു.

### ശുപാർശ നമ്പർ 22

പഞ്ചായത്തുകൾക്ക് അനുവദിച്ചിരിക്കുന്ന റോഡിതര ആസ്തികൾക്കായി അനുവദിച്ചു നൽകപ്പെടുന്ന തുക ഓരോ പഞ്ചായത്തിന്റെയും സാഹചര്യങ്ങളും ആവശ്യകതകളും കണക്കിലെടുത്ത് ആശുപത്രികൾ, സ്കൂളുകൾ, മറ്റു മേഖലകൾ എന്നിവയുടെ ആവശ്യങ്ങൾ കണക്കാക്കി നിശ്ചിത ശതമാനം തുക ഓരോ ഇനത്തിലും വകയിരുത്തി വീതിച്ചു ചെലവാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

19-12-2004-ലെ 330/04/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഓരോ ഇനത്തിലും തുക ചെലവഴിക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്.

### ശുപാർശ നമ്പർ 23, 24

1972-ൽ നടപ്പിലാക്കിയ ലക്ഷം വീട് കോളനികളിലെ കാലപ്പഴക്കമുള്ളതും വാസ യോഗ്യമല്ലാത്തതുമായ ഇരട്ട വീടുകൾ പൊളിച്ച് ഒറ്റ വീടുകളാക്കി നിർമ്മിച്ചു കൊടുക്കുന്നതിനും വാസയോഗ്യമല്ലാത്ത ഒറ്റ വീടുകൾ പുനർ നിർമ്മിക്കുന്നതിനും ഉദ്ദേശിക്കുന്നതാണ് ഈ പദ്ധതി. 16309 ഇരട്ട വീടുകൾ 32618 ഒറ്റ വീടുകൾ ആക്കുന്നതിനും 57590 ഒറ്റ വീടുകൾ പുനർ നിർമ്മിക്കുന്നതിനും അങ്ങനെ ആകെ 90208 വീടുകൾക്ക് വീടൊന്നിന് 40,000 രൂപ നിരക്കിൽ 361 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതി പഞ്ചായത്ത്/സന്നദ്ധ സംഘടനകളുടെ വിഹിതത്തോടു കൂടി നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുളളത്. ഇതു പ്രകാരം 50% സർക്കാർ വിഹിതവും (അതായത് 180.50 കോടി രൂപ) ബാക്കി 50% പഞ്ചായത്തിന്റെ വിഹിതമായോ അല്ലെങ്കിൽ സന്നദ്ധ സംഘടനകളുടെ വിഹിതമായോ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതി സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് ഘട്ടം ഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതി ഭവന നിർമ്മാണ ബോർഡ് വഴിയാണ് നടപ്പിലാക്കുന്നത്. സർക്കാർ വിഹിതമായ 20,000 രൂപ, നിർമ്മാണ പുരോഗതി കണക്കിലെടുത്ത് ഗുണഭോക്താക്കൾക്ക് പഞ്ചായത്ത് വഴി വിതരണം നടത്തുന്നതാണ്.

2006-07-ലെ പുതുക്കിയ ബഡ്ജറ്റിൽ 2.88 കോടി രൂപ പദ്ധതിക്കായി വകകൊള്ളിച്ചിരുന്നു. 2007-08-ലെ പുതുക്കിയ വാർഷിക ബഡ്ജറ്റ് പ്രൊപ്പോസലിൽ 5000 വീടുകളുടെ നവീകരണത്തിനായി 10 കോടി രൂപ ഉൾക്കൊളളിക്കുവാൻ ബോർഡ് അഭ്യർത്ഥിച്ചു. എന്നാൽ ബഡ്ജറ്റിൽ തുകയൊന്നും തന്നെ ഉൾക്കൊള്ളിച്ചിട്ടില്ല. വിവിധ പഞ്ചായത്തുകളുടെ ആവശ്യം പരിഗണിച്ച് 2007-08-ൽ ബോർഡ് ആവശ്യപ്പെട്ട 10 കോടി രൂപ തന്നെ അപര്യാപ്തമാണ്. 31-1-2007 വരെ സംസ്ഥാനത്തൊട്ടാകെ 8500-ൽ പരം വീടുകൾ നവീകരിക്കുന്നതിനായി പഞ്ചായത്തുകളുടെ അപേക്ഷ ലഭിച്ചിട്ടുണ്ട്. ആയതിനാൽ ബോർഡിന്റെ പ്രൊപ്പോസൽ പ്രകാരം സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയും ലക്ഷം വീട് പദ്ധതിയിലെ വീടുകളുടെ നവീകരണത്തിനുവേണ്ടി 2007-08-ലെ സംസ്ഥാന ബഡ്ജറ്റിൽ 10 കോടി രൂപ വകകൊളളിക്കുന്നതിനായി സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ജി.ഒ.(എം.എസ്.) നമ്പർ 57/2004/ഭവനം തീയതി 26-11-2004 പ്രകാരം ലക്ഷം വീടുകോളനികളുടെ നവീകരണത്തിനായി ഒരു പദ്ധതിക്ക് 2004-05 സാമ്പത്തിക വർഷത്തിൽ സർക്കാർ സഹായം 5 കോടി രൂപയിൽ കവിയരുതെന്ന വ്യവസ്ഥയിൽ അനുമതി നൽകിയിരുന്നു. 2007-08 സാമ്പത്തിക വർഷത്തെ വാർഷിക ബഡ്ജറ്റിൽ ലക്ഷം വീട് നവീകരണ പദ്ധതിക്കായി 10 കോടി രൂപ വകയിരുത്തണമെന്ന് അഭ്യർത്ഥിച്ചുവെങ്കിലും തുകയൊന്നും വകയിരുത്തിയിരുന്നില്ല. എന്നാൽ 6-5-2006-ലെ G.O. (Rt.) No.3506/2006/Fin. പ്രകാരം 2.12 കോടി രൂപയും 1-2-2007-ലെ G.O. (MS) No. 6/2007/Hsg. പ്രകാരം 0.76 കോടി രൂപയും 24-3-2007-ലെ G.O. (MS) No. 11/2007/Hsg. പ്രകാരം 2.12 കോടി രൂപയും ഉൾപ്പെടെ ആകെ 5 കോടി രൂപ സർക്കാർ അനുവദിച്ചു. ഇതിൽ നിന്നും 2007-08 സാമ്പത്തിക വർഷ ത്തിൽ 634 വീടുകൾക്ക് 1,26,80,000 രൂപ ബോർഡ് ചെലവഴിച്ചിട്ടുണ്ട്. പദ്ധതിക്കായി അനുവദിച്ച 5 കോടി രൂപയിൽ 31-1-2010 വരെ 2215 വീടുകൾ പുനർ നിർമ്മിക്കുന്ന തിനായി 4,40,40,900 രൂപ ചെലവഴിച്ചിട്ടുണ്ട്. 27-3-2008-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 3/2008/ഭവനം പ്രകാരം ലക്ഷം വീട് പുനർ നിർമ്മാണത്തിനായി വർദ്ധിച്ച സബ്സിഡി നിരക്കോടുകൂടി എം.എൻ. ലക്ഷം വീടുകളുടെ പുനർനിർമ്മാണ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകുകയും ബഡ്ജറ്റിൽ തുക വകകൊള്ളിക്കു കയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ മുൻ ലക്ഷം വീടു പുനരുദ്ധാരണ പദ്ധതി ഇപ്പോൾ തുടരുന്നില്ല. എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതിയാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്.

<u>2008-09 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ താഴെപ്പറയുന്ന ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടി സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.</u>

<u>ശുപാർശ നമ്പർ 22</u>

പത്രപ്രവർത്തകർക്ക് അനുവദിച്ചിരുന്ന ഭവന നിർമ്മാണ സബ്സിഡി 35,000 രൂപയിൽ നിന്ന് 50,000 രൂപ ആയി ഉയർത്തിയ സാഹചര്യത്തിൽ 2008-09 വർഷം 100 പത്രപ്രവർത്തകർക്ക് 50,000 രൂപ വീതം സബ്സിഡി നൽകുന്നതിന് 50 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും 12 ലക്ഷം രൂപയാണ് അനുവദിച്ചി രിക്കുന്നത്. ആകയാൽ ബാക്കി തുകയായ 38 ലക്ഷം രൂപ കൂടി ഈ ഇനത്തിൽ അനുവദിക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2008-09-ൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 12 ലക്ഷം രൂപ മുഴുവനും പത്രപ്രവർത്തകർക്ക് സബ്സിഡി അനുവദിക്കുന്നതിന് വേണ്ടി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ ഇനത്തിൽ 38 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന സമിതി നിർദ്ദേശം ഫണ്ടിന്റെ അപര്യാപ്തതമൂലം നടപ്പിലാക്കാൻ സാധിച്ചില്ല.

<u>ശുപാർശ നമ്പർ 23</u>

ഈ പദ്ധതിയിൻകീഴിൽ 2008-09-ൽ 100 നിയമസഭാ സാമാജികർക്കും പാർലമെന്റ് അംഗങ്ങൾക്കും 5 ലക്ഷം രൂപ വീതം വായ്പ നൽകുന്നതിനായി സംസ്ഥാന വിഹിതമായി 500 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 16.50 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ആകയാൽ ബാക്കി തുകയായ 483.50 ലക്ഷം രൂപ കൂടി ഈ പദ്ധതിക്കായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2008-09 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ അനുവദിച്ച 16.50 ലക്ഷം രൂപയിൽ നിന്നും 5 ലക്ഷം രൂപ വായ്പ നൽകുവാനും ബാക്കി തുക ടി പദ്ധതിയിലെ പലിശ സബ്സിഡിയായി കണക്കാക്കുവാനും തീരുമാനിച്ചു. 483.50 ലക്ഷം രൂപ കൂടി ഈ പദ്ധതിക്ക് അനുവദിക്കണമെന്ന സമിതി ശുപാർശ ഫണ്ടിന്റെ കുറവുമൂലം നടപ്പിലാക്കാൻ സാധിച്ചില്ല.

<u>ശുപാർശ നമ്പർ 33</u>

നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുന്ന പാവപ്പെട്ട തൊഴിലാളികൾക്കു വേണ്ടി നഗരാതിർത്തിയിൽ താമസ സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടിയുള്ള ഈ പദ്ധതിയിൻ കീഴിൽ നാല് മുതൽ ആറ് വരെ നിലകളുള്ള ഫ്ളാറ്റുകൾ സർക്കാർ ഭൂമിയിൽ നിർമ്മിക്കുന്നതിന് ലക്ഷ്യമിടുന്നു.

ഇത്തരത്തിലുള്ള ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിന് കുറഞ്ഞത് 5 ലക്ഷം രൂപ വീതമെങ്കിലും ചെലവാകുന്നതാണ്. 2008-09 വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന 250 ലക്ഷം രൂപ 50 ഫ്ളാറ്റുകളുടെ നിർമ്മാണത്തിനേ മതിയാകുകയുള്ളൂ. ആദ്യഘട്ടത്തിൽ 100 ഫ്ളാറ്റുകളെങ്കിലും നിർമ്മിച്ചുനൽകുന്നതിന് വിഭാവന ചെയ്യുന്നതിനാൽ 100 ഫ്ളാറ്റുകൾക്ക് ചെലവാകുന്ന 500 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി ആവശ്യമുണ്ട്. ആയതിനാൽ ഈ പദ്ധതിക്കായി 250 ലക്ഷം രൂപ കൂടി അനുവദിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2008-09 സാമ്പത്തിക വർഷത്തെ ബജ്ഡറ്റ് വിഹിതമായ 250 ലക്ഷം രൂപയിൽ തൃക്കാക്കര ഇന്നോവേറ്റീവ് ഹൗസിംഗ് സ്കീമിനായി 41 ലക്ഷം രൂപയും, പൂജപ്പുര ഇന്നോവേറ്റീവ് ഹൗസിംഗ് സ്കീമിനായി 31.24 ലക്ഷം രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്. അതിനാൽ ടി പദ്ധതിക്കായി സമിതി നിർദ്ദേശിച്ച അധിക തുകയായ 250 ലക്ഷം രൂപാ അനുവദിക്കേണ്ടി വന്നില്ല.

<u>2009-10 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ താഴെപ്പറയുന്ന ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടി സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.</u>

ശുപാർശ നമ്പർ 19, 20

19. നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുകയും എന്നാൽ ജോലി സ്ഥലത്ത് നിന്നും വളരെ ദൂരത്തായി നഗരാതിർത്തിക്ക് പുറത്ത് രാത്രികാലങ്ങളിൽ താമസിക്കുന്ന തിന് നിർബന്ധിതരാകുയും ചെയ്യുന്ന പാവപ്പെട്ട തൊഴിലാളിൾക്ക് വേണ്ടി നഗരാ തിർത്തിയിൽ തന്നെ താമസ സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി നാലു മുതൽ ആറു വരെ നിലകളുള്ള ഫ്ളാറ്റുകൾ സർക്കാർ ഭൂമിയിൽ നിർമ്മിക്കുന്നതിനുള്ള പദ്ധതിയാണിത്.

20. ഇത്തരത്തിലുള്ള ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിന് കുറഞ്ഞത് 5 ലക്ഷം രൂപ വീതമെങ്കിലും ചെലവാകുന്നതാണ്. 2008-09 വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചി രുന്ന 250 ലക്ഷം രൂപ 50 ഫ്ളാറ്റുകളുടെ നിർമ്മാണത്തിനേ മതിയാവുകയുള്ളൂ. ആദ്യഘട്ടത്തിൽ 100 ഫ്ളാറ്റുകൾ സർക്കാർ ഭൂമിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. എന്നാൽ ഇതിനായി ഈ വർഷം തുകയൊന്നും തന്നെ വകയിരുത്തിയിട്ടില്ല. ആയതി നാൽ ഈ പദ്ധതിക്കായി 2.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നഗരപ്രദേശങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് താമസിക്കുന്നതിനുള്ള ഫ്ളാറ്റുകൾ നിർമ്മിക്കുന്ന പദ്ധതിക്കായി (ഇന്നോവേറ്റീവ് ഹൗസിംഗ് സ്കീം) 2008-09 സാമ്പത്തിക വർഷം 250 ലക്ഷം രൂപ വകയിരുത്തുകയും ഈ തുക ഭവന നിർമ്മാണ ബോർഡിന് അനുവദിച്ചു നൽകുകയും ചെയ്തിരുന്നു. ഇതിൽ 99.85 ലക്ഷം രൂപാ മാത്രമേ ബോർഡ് ചെലവഴിച്ചിട്ടുള്ളു. അതിനാൽ സമിതി നിർദ്ദേശിച്ചപോലെ 2.5 കോടി രൂപ അധികമായി അനുവദിക്കേണ്ടി വന്നില്ല.

2010-11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ താഴെപ്പറയുന്ന ശുപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ശുപാർശ നമ്പർ 20

പഞ്ചായത്തുകൾക്ക് നൽകിവരുന്ന മെയിന്റനൻസ് ഗ്രാന്റ് ആസ്തി അടിസ്ഥാന മാക്കി അനുവദിക്കുകയാണെങ്കിൽ ഫണ്ട് റീ ഡിസ്ട്രിബ്യൂട്ട് ചെയ്യുവാൻ സാധിക്കു മെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ആസ്തി അനുസരിച്ച് മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നതിന് പുതുക്കിയ അലോക്കേഷൻ തയ്യാറാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ നൽകുന്ന ശുപാർശകളിന്മേൽ സർക്കാർ കൈക്കൊള്ളുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആസ്തി അനുസരിച്ച് മെയിന്റ നൻസ് ഗ്രാന്റ് അനുവദിക്കണമെന്ന ശുപാർശയിന്മേൽ നടപടികൾ സ്വീകരിക്കുന്ന താണെന്ന് സമിതിയെ അറിയിച്ചുകൊള്ളുന്നു.

ഭാഗം II

**കരട് ചട്ടങ്ങൾ**

## തദ്ദേശസ്വയംഭരണ വകുപ്പ്

(എ) താഴെപ്പറയുന്ന കരട് ചട്ടങ്ങൾ സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

1. 2010-ലെ കേരള മുനിസിപ്പാലിറ്റി (ഉദ്യോഗസ്ഥരുടെമേൽ നിയന്ത്രണം) ചട്ടങ്ങൾ.
2. 2010-ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ.
3. Special Rules for the Kerala State Rural Development Service.

(ബി) താഴെപ്പറയുന്ന കരട് ചട്ടങ്ങൾ സമിതി പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

1. 2008-ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ.
2. 2010-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളും അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ കൂടിയതും കുറഞ്ഞതുമായ പരിധികൾ നിശ്ചയിക്കുന്ന വിജ്ഞാപനവും.
3. 2010-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളും അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ കൂടിയതും കുറഞ്ഞതുമായ പരിധികൾ നിശ്ചയിക്കുന്ന വിജ്ഞാപനവും.

(സി) സമിതിയുടെ അംഗീകാരം ലഭിക്കുന്നതിന് മുമ്പ് പുറപ്പെടുവിച്ച താഴെപ്പറയുന്ന ചട്ടങ്ങൾക്ക് സമിതി സാധൂകരണം നൽകി.

1. എസ്.ആർ.ഒ. നമ്പർ 62/2010

   The Special Rules for the Extension Training Centres of Kerala State Rural Development State & Subordinate Services, 2010.

2. എസ്.ആർ.ഒ. നമ്പർ 511/2010

   The Kerala State Urban Affairs Service Special Rules, 2010.

നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

കെ. സി. ജോസഫ്,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി IX.*

അനുബന്ധം I

## 2010 നവംബർ 3-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IX -ന്റെ യോഗം 2010 നവംബർ 3-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ V D കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായ ശ്രീ. പാലോളി മുഹമ്മദ് കുട്ടിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
2. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
3. ശ്രീ. കെ. പി. മോഹനൻ
4. ശ്രീ. വി. ജെ. തങ്കപ്പൻ

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി കെ. ലൈലാബീവി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എൻ. കെ. രവികുമാർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എ. അബ്ദുൾ ഖരീം, അണ്ടർ സെക്രട്ടറി

ഹാജരായ മറ്റുദ്യോഗസ്ഥർ :

1. ശ്രീ. എസ്. എം. വിജയാനന്ദ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ. എ. ഷാജഹാൻ, കമ്മീഷണർ, ഗ്രാമവികസന വകുപ്പ്
3. ശ്രീ. നോയൽ തോമസ്, ഹൗസിംഗ് കമ്മീഷണർ
4. ശ്രീമതി കുമാരി സുധ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീമതി എസ്. ഗിരിജാദേവി, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
6. ശ്രീ. കെ. ആർ. മുരളീധരൻ, ഡയറക്ടർ ഓഫ് പഞ്ചായത്ത്
7. ശ്രീ. ദിലീപ് കുമാർ, ബി., ഡയറക്ടർ ഓഫ് അർബൻ അഫയേഴ്സ്
8. ശ്രീ. ഡി. അജയൻ, ചീഫ് എഞ്ചിനീയർ, കെ.എസ്.എച്ച്.ബി.

I. സമിതി താഴെപ്പറയുന്ന കരടു ചട്ടങ്ങൾ പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

**തദ്ദേശസ്വയംഭരണ വകുപ്പ്**

1. 2010-ലെ കേരള മുനിസിപ്പാലിറ്റി (ഉദ്യോഗസ്ഥരുടെമേൽ നിയന്ത്രണം) ചട്ടങ്ങൾ

   കത്ത് നമ്പർ 20142/ആർ.ഡി.2/07/ത.സ്വ.ഭ.വ. തീയതി 8-6-2010

   ഫയൽ നമ്പർ 14735/സബ്.സി.ഡി1/10/ലെജി.

2. 2010-ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ

   കത്ത് നമ്പർ 7877/ആർ.ഡി.1/06/ത.സ്വ.ഭ.വ. തീയതി 4-2-2010

   ഫയൽ നമ്പർ 11986/സബ്.സി.ഡി1/10/ലെജി.

3. Special Rules for the Kerala State Rural Development Service

   കത്ത് നമ്പർ 50865/ഇ.ആർ.ബി.1/07/ത.സ്വ.ഭ.വ. തീയതി 15-6-2010

   ഫയൽ നമ്പർ 14867/സബ്.സി.ഡി1/10/ലെജി.

പ്രസ്തുത കരട് ചട്ടം നിയമവകുപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്കു വിധേയമായിട്ടില്ലെന്നും ചട്ടങ്ങളിൽ ഘടനാപരമായ പിശകുകൾ വന്നിട്ടുണ്ടെന്നും നിയമവകുപ്പിൽ നിന്ന് ഹാജരായ ഉദ്യോഗസ്ഥർ സമിതിയിൽ വ്യക്തമാക്കി. തുടർന്ന് സമിതി ചട്ടങ്ങൾ പരിശോധിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. ചട്ടങ്ങളിൽ വന്ന ഘടനാപരമായ പിശകുകൾ നിയമവകുപ്പുമായി കൂടിയാലോചിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തിയശേഷം വിജ്ഞാപനം പുറപ്പെടുവിക്കാൻ സമിതി നിർദ്ദേശിച്ചു.

II. സമിതി താഴെപ്പറയുന്ന കരടുചട്ടങ്ങൾ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

4. കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ.

   കത്ത് നമ്പർ 20567/ആർ.ഡി2/07/ത.സ്വ.ഭവ. തീയതി 12-2-2008

   ഫയൽ നമ്പർ 12210/സബ്.സി.ഡി1/08/ലെജി.

പ്രസ്തുത കരടു ചട്ടത്തിന്റെ.—

1. ചട്ടം 6-ന്റെ (7)-ാം ഉപചട്ടത്തിൽ " നിർണ്ണയിക്കാവുന്ന" എന്നതിന് പകരം "കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന" എന്ന് ചേർക്കുക.

2. ലൈസൻസിന്റെ കാലാവധി മൂന്നുവർഷം എന്നുള്ളത് അഞ്ചുവർഷം എന്നാക്കി ഉയർത്തുവാൻ സമിതി തീരുമാനിച്ചു. ആയതു പ്രകാരം ചട്ടം 8, 11(2), 11(3) എന്നിവയിൽ "മൂന്നു വർഷം" എന്നുള്ളത് "അഞ്ചു വർഷം" എന്ന് മാറ്റുക.

3. ചട്ടം 18, ഉപചട്ടം (1)-ലെ ഇനം(VI) ഒഴിവാക്കുകയും ഇനം(VII), (VI) എന്ന് പുനരക്കം ചെയ്യുകയും ചെയ്യുക.

5. കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളും അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ കൂടിയതും കുറഞ്ഞതുമായ പരിധികൾ നിശ്ചയിക്കുന്ന വിജ്ഞാപനവും

കത്ത് നമ്പർ 71380/ആർ.ഡി.2/10/ത.സ്വ.ഭ.വ. തീയതി 22-7-2010

ഫയൽ നമ്പർ 15590/സബ്.സി.ഡി1/10/ലെജി.

(1) ചട്ടങ്ങളുടെ പ്രാരംഭം:— പുതുക്കിയ വസ്തു നികുതി നിരക്കുകൾ പുതിയ നികുതിദായകർക്ക് ഉടനെയും നിലവിലുള്ള നികുതിദായകർക്ക് 2011 ഏപ്രിൽ 1 മുതലും പ്രാബല്യത്തിൽ വരുത്തുവാൻ സമിതി തീരുമാനിക്കുകയും അതനുസരിച്ച് ചട്ടങ്ങളുടെ പ്രാരംഭത്തിൽ മാറ്റം വരുത്തുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

(2)ചട്ടം 4(1)-ൽ "ഗ്രാമപഞ്ചായത്ത്" എന്ന വാക്കിനു പകരം "മുനിസിപ്പാലിറ്റി" എന്ന വാക്കുചേർക്കുക.

(3) പട്ടിക 7-ൽ 2-ാം കോളത്തിലെ ശീർഷകത്തിൽ "തറ"എന്ന വാക്കിനു പകരം "ചുമർ" എന്ന വാക്കുചേർക്കുക.

(4) ചട്ടം 7(2)-ൽ "ഗ്രാമപഞ്ചായത്ത്" എന്ന വാക്കിനുപകരം "മുനിസിപ്പാലിറ്റി" എന്ന വാക്കുചേർക്കുക.

6. കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങളും അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ കൂടിയതും കുറഞ്ഞതുമായ പരിധികൾ നിശ്ചയിക്കുന്ന വിജ്ഞാപനവും

കത്ത് നമ്പർ 71381/ആർ.ഡി.1/10/ത.സ്വ.ഭ.വ. തീയതി 22-7-2010

ഫയൽ നമ്പർ 15591/സബ്.സി.ഡി1/10/ലെജി.

ചട്ടങ്ങളുടെ പ്രാരംഭം

പുതുക്കിയ വസ്തു നികുതി നിരക്കുകൾ പുതിയ നികുതിദായകർക്ക് ഉടനെയും നിലവിലുള്ള നികുതിദായകർക്ക് 2011 ഏപ്രിൽ 1 മുതലും പ്രാബല്യത്തിൽ വരുത്തുവാൻ സമിതി തീരുമാനിച്ചു. കൂടാതെ പട്ടിക 7-ൽ 2-ാം കോളത്തിന്റെ ശീർഷകത്തിൽ "തറ" എന്ന വാക്കിനു പകരം "ചുമർ " എന്നു ചേർക്കുക.

III. സമിതിയുടെ അംഗീകാരം ലഭിക്കുന്നതിനു മുമ്പു പുറപ്പെടുവിച്ച താഴെപ്പറയുന്ന എസ്.ആർ.ഒ.കൾ സമിതി സാധൂകരിച്ചു.

**തദ്ദേശസ്വയംഭരണ വകുപ്പ്**

1. എസ്.ആർ.ഒ. നമ്പർ 62/2010

   The Special Rules for the Extension Training Centres of Kerala State Rural Development State & Subordinate Services, 2010

   കത്ത് നമ്പർ 22938/ഐ.ബി.2/07/ത.സ്വ.ഭ.വ. തീയതി 27-2-2010

   ഫയൽ നമ്പർ 12652/സബ്.സി.ഡി1/10/ലെജി.

2. എസ്. ആർ. ഒ. നമ്പർ 511/2010

   The Kerala State Urban Affairs Service Special Rules, 2010.

   കത്ത് നമ്പർ 2810/ഇ.യു. 4/07/ത.സ്വ.ഭ.വ. തീയതി 20-8-2010

   ഫയൽ നമ്പർ 16386/സബ്.സി.ഡി1/10/ലെജി.

IV. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ താഴെ പറയുന്ന ശുപാർശകളിന്മേൽ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**തദ്ദേശസ്വയംഭരണ വകുപ്പ്**

1. 2004-05-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

   <u>ഖണ്ഡിക 2</u>

   ഫയൽ നമ്പർ 9169/സബ്.സി.ഡി1/04/ലെജി.

   കത്ത് നമ്പർ 23824/ഡി.ബി.2/10/ത.സ്വ.ഭ.വ. തീയതി 26-4-2010

2. 2006-07-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

   <u>ഖണ്ഡിക 22</u>

   ഫയൽ നമ്പർ 12044/സബ്.സി.ഡി1/06/ലെജി.

   കത്ത് നമ്പർ 10020/എഫ്.എം.1/10/ത.സ്വ.ഭ.വ. തീയതി 10-3-2010

3. 2007-08-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

   <u>ഖണ്ഡിക 2, 3, 4, 5, 6, 19, 20, 21, 22</u>

   ഫയൽ നമ്പർ 13447/സബ്.സി.ഡി1/07/ലെജി.

   കത്ത് നമ്പർ 43046/എഫ്.എം.2/07/ത.സ്വ.ഭ.വ. തീയതി 17-5-2010

4. 2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

ഖണ്ഡിക 20

ഫയൽ നമ്പർ 14989/സബ്.സി.ഡി1/10/ലെജി.

കത്ത് നമ്പർ 48671/എഫ്.എം.1/10/ത.സ്വ.ഭ.വ. തീയതി 1-10-2010

**ഭവന നിർമ്മാണ വകുപ്പ്**

5. 2005-06-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

ഖണ്ഡിക 4, 17, 18

ഫയൽ നമ്പർ 15524/സബ്.സി.ഡി1/10/ലെജി.

കത്ത് നമ്പർ 7104/ബി2/09/ഭവനം തീയതി 7-5-2010

6. 2006-07-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

ഖണ്ഡിക 13

ഫയൽ നമ്പർ 12044/സബ്.സി.ഡി1/06/ലെജി.

കത്ത് നമ്പർ 2187/സി.1/07/ഭവനം തീയതി 20-5-2010

7. 2007-08-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

ഖണ്ഡിക 23, 24

ഫയൽ നമ്പർ 13447/സബ്.സി.ഡി1/07/ലെജി.

കത്ത് നമ്പർ 2187/സി.1/07/ഭവനം തീയതി 20-5-2010

8. 2008-09-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

ഖണ്ഡിക 22, 23, 33

ഫയൽ നമ്പർ 15598/സബ്.സി.ഡി1/08/ലെജി.

കത്ത് നമ്പർ 5538/ബി2/08/ഭവനം തീയതി 21-7-2010

9. 2009-10-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

<u>ഖണ്ഡിക 19, 20</u>

ഫയൽ നമ്പർ 15507/സബ്.സി.ഡി1/09/ലെജി.

കത്ത് നമ്പർ 4073/ബി2/09/ഭവനം തീയതി 3-9-2010

സമിതി വൈകുന്നേരം 4 മണിക്ക് യോഗം പിരിഞ്ഞു.